"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പട്ടികജാതി വികസനം - ജീവനക്കാര്യം - പട്ടികജാതി വികസന വകുപ്പ് ദക്ഷിണമേഖല ട്രെയിനിംഗ് ഇൻസ്പെക്ടർ ഓഫീസ്, ദക്ഷിണമേഖല ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ് എന്നിവിടങ്ങളിൽ അനർട്ടിൽ നിന്നും എടുത്ത ഇലക്ട്രിക്ക് വാഹനങ്ങൾക്ക് വാടക അനുവദിച്ച നടപടി സാധൂകരിച്ച് ഉത്തരവ്വ പുറപ്പെടുവിക്കുന്നു.

---

പട്ടികജാതി പട്ടികവർഗ്ഗ വികസന ( സി) വകുപ്പ്

സ.ഉ.(സാധാ) നം.254/2024/SCSTD തീയതി,തിരുവനന്തപുരം, 03-04-2024

---

പരാമർശം:-

1. 27/05/2021 ലെ സ.ഉ(സാധാ) നം.512/2021/പ.ജ.പ.വ.വി.വ നമ്പർ ഉത്തരവ്
2. 09/06/2021 ലെ സ.ഉ(സാധാ) നം.531/2021/പ.ജ.പ.വ.വി.വ നമ്പർ ഉത്തരവ്,
3. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 22/02/2024 ലെ SCDD/ 2783/2022---C2 (ESTT C) — നം. കത്ത്.

**<u>ഉത്തരവ്</u>**

പട്ടികജാതി വികസന വകുപ്പിൽ 2021-22 & 2022-23 സാമ്പത്തിക വർഷങ്ങളിൽ ദക്ഷിണമേഖല ട്രെയിനിംഗ് ഇൻസ്പെക്ടർ ഓഫീസ്, ദക്ഷിണമേഖല ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ് എന്നിവിടങ്ങളിലെ ഔദ്യോഗിക ആവശ്യത്തിന് അനർട്ടിൽ നിന്നും ഇലക്ട്രിക്ക് വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നതിന് സർക്കാർ പരാമർശം 1 & 2 പ്രകാരം അനുമതി നൽകുകയുണ്ടായി. ഈ വാഹനങ്ങളുടെ വാടക സർക്കാർ അനുമതിയില്ലാതെ അനുവദിച്ച് നൽകിയത് സാധൂകരിച്ച് നൽകണമെന്ന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ പരാമർശം 3 പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അനർട്ടിൽ നിന്നും എടുത്ത വാഹനങ്ങളുടെ വാടക സമയബന്ധിതമായി ഒടുക്കാത്ത പക്ഷം 12% പലിശ ഒടുക്കേണ്ടതായി വരുമെന്നതും, വാഹനങ്ങൾ അനർട്ട് തിരിച്ചെടുക്കാൻ സാധ്യതയുണ്ടെന്നതും പരിഗണിച് സർക്കാർ അനുമതിയില്ലാതെ വാടക തുകയായ 7,04,130/-രൂപ (ഏഴ് ലക്ഷത്തി നാലായിരത്തി നൂറ്റിനാല്പത് രൂപ മാത്രം) ( 347,004/- ട്രെയിനിംഗ് ഇൻസ്പെക്ടർ ഓഫീസ് + 357,126/- ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ് ) 2225-01-001-99-34 എന്ന ശീർഷകത്തിൽ നിന്നും പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ അനുവദിച്ച് നൽകിയ നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പി.റ്റി.ജോയി

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ)കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), ഐ & പി.ആർ.ഡി.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Shameem Muhammed B M
Date: 05-04-2024 11:44:39

സെക്ഷൻ ഓഫീസർ